FRIDAY 03/04/2026 വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA


Chief Editor: SINDHU. K S Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/04/2026

1. പശുപരിപാലനം, ആട്ടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുകയും സ്വയംതൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് National Livestock Mission (NLM). സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി – (EDP), ആട് , ചെമ്മരിയാട്, കോഴി, പന്നി എന്നിവയുടെ ഫാമുകൾ തുടങ്ങുന്നതിന് 50% സബ്സിഡിയിൽ പരമാവധി ₹50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ – പച്ച പുല്ല് കൃഷി, സൈലേജ് നിർമ്മാണം, തീറ്റപ്പുൽ വിത്ത് നിർമ്മാണം, എന്നിവക്കും, ബ്രീഡ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിൽ – ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ , ക്വാളിറ്റി ബ്രീഡ് ഡെവലൊപ്മെൻറ് ട്രെയിനിങ് പരിപാടി എന്നിവക്കും, സ്കിൽ ഡെവലൊപ്മെന്റ് & ട്രെയിനിങ് ,കർഷകർക്കുള്ള പരിശീലനം, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് പരിപാടി എന്നിവക്കും ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കേരള കന്നുകാലി വികസന ബോർഡ് എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഡീറ്റൈൽഡ് പ്രൊജക്ട് റിപ്പോർട്ട് (DPR) സഹിതം NLM ന്റെ ഒഫീഷ്യൽ സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് വെബ് സൈറ്റ് https://nlm.udyamimitra.in

## പരിശീലന പരിപാടി

2. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "ജൈവ ജീവാണു വളങ്ങൾ" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് കോഴ്സിന്റെ പുതിയ ബാച്ച് 2026 ഏപ്രിൽ 20 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റ ർ ചെയ്യാം. ഏപ്രിൽ 30 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് ഏപ്രിൽ 20 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. Phone: 0487-2438566

## 3. കാർഷിക നിർദേശം

വിവിധ കാർഷിക വിളകളെ ബാധിക്കുന്ന വാട്ട രോഗങ്ങൾ, വേര് ചീയൽ തുടങ്ങി മണ്ണിലൂടെ പകരുന്ന എല്ലാ കുമിൾ രോഗങ്ങളെയും പ്രതിരോധിക്കുന്നതിനായി മണ്ണിൽ ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകം ഉപയോഗിക്കാവുന്നതാണ്. ഇതിനായി ഉണങ്ങിയ ചാണകവും വേപ്പിൻ പിണ്ണാക്കും 9:1 എന്ന അനുപാതത്തിൽ (90 കിലോ ചാണകത്തിന് 10 കിലോ വേപ്പിൻപിണ്ണാക്ക് എന്ന തോതിൽ) 1-2 കിലോ ട്രൈക്കോഡെർമ്മയുമായി 25 % ഈർപ്പത്തിൽ കൂട്ടിക്കലർത്തി തണലുള്ള സ്ഥലത്ത് കൂനകൂട്ടിയിടുക. ചാക്കോ പ്ലാസ്റ്റിക് ഷീറ്റോ കൊണ്ട് കൂന മൂടുകയും വേണം. 4-5 ദിവസത്തിന് ശേഷം വെള്ളം തളിച്ച് കൂന

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇളക്കി വീണ്ടും മൂടിയിടുകയും ചെയ്യുക. 3 ദിവസം കഴിഞ്ഞു ഈ മിശ്രിതം വിളകൾക്ക് മണ്ണിൽ ചേർത്ത് നൽകാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം